15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005 — 27-07-2021 - ൽ മറുപടിയ്ക്ക്

കൊയിലാണ്ടി മണ്ഡലത്തിൽ കൈപ്പാട് നെൽകൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ ആരാണ് തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോഴിക്കോട് ജില്ലയിൽ കൈപ്പാട് നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് ചെറുകിട ജലസേചന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൃഷിവകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിലെ കൈപ്പാട് വികസനത്തിന് കുന്നത്തറ പാടത്ത് വിവിധ അടിസ്ഥാനസൗകര്യമൊരുക്കുന്ന പ്രവർത്തന ത്തിനും, ഉള്ളിയേരി, കോട്ടക്കുന്ന് കൈപ്പാട് നിലം പുനരുദ്ധാരണത്തിനും, പേരാമ്പ്ര നിയോജക മണ്ഡലത്തിലെ തുറയൂർ പഞ്ചായത്തിലെ കൈപ്പാട് നിലം വികസനത്തിനും ആണ് പ്രോജക്ടുകൾ തയ്യാറാക്കിട്ടുള്ളത്. |
| (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി പയ്യോളി ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, കൊയിലാണ്ടി എന്നീ പഞ്ചായത്ത് / മുൻസിപ്പാലിറ്റി പ്രദേശങ്ങളി ലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കു ന്നത്. പദ്ധതി നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. തിക്കോടി പഞ്ചായത്ത് - അകലാപ്പുഴ വെളുത്തേടത്ത് പാടശേഖരം. 2. പയ്യോളി മുനിസിപ്പാലിറ്റി - ചെത്തിൽ കൈപ്പാട് പാടശേഖരം, മഠത്തിൽ ചിറ പാടശേഖരം. 3. കൊയിലാണ്ടി മുനിസിപ്പാലിറ്റി - കൊളമ്പത്തുതാഴെ. 4. ചേമഞ്ചേരി പഞ്ചായത്ത് - ഐരാണി തുരുത്തു പാടശേഖരം. 5. ചെങ്ങോട്ടുകാവ് - ഉള്ളൂർകടവ് മയിലാട്ടുംപാറ കൈപ്പാട് പാടശേഖരം |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ; | (സി) | പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ഏതു രീതിയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത | (ഡി) | ബഹു. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ |

| | | | |
|---|---|---|---|
| | പദ്ധതിക്കായി ഇനി നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ? | | ആർ.കെ.വി.വൈ. (RKVY), നബാർഡ് ധനസഹായം, RIDF, ജനകീയാസൂത്രണ പദ്ധതിവിഹിതം, ചെറുകിട ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതം, കൈപ്പാട് ഏരിയ ഡെവലപ്മെൻറ് ഏജൻസിയിൽ നിന്നുള്ള ഫണ്ട് എന്നിവയിൽ നിന്ന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാനാണ് ലക്ഷ്യമിടുന്നത്. കൈപ്പാട് മേഖലയിലെ ആസ്തികളുടെ നവീകരണം / പുനരുദ്ധാരണം, ജലനിർഗമന ത്തിന് കൈത്തോട് നിർമ്മാണം, തടയണ നിർമ്മാണം, കാട്ടും പായലും നീക്കൽ മുതലായവയാണ് നടത്തേണ്ട പ്രവർത്തികൾ. ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പ്രവർത്തികൾ സംബന്ധിച്ച വിശദ വിവരങ്ങൾ**

1. **തിക്കോടി പഞ്ചായത്ത്**

a) അകലാപ്പുഴ പ്രത്യേക പാക്കേജ്

b) ചെറിയ കൈത്തോടുകൾ പാടശേഖരത്തിലെ കാടും പായലും നീക്കൽ

c) അരീക്കര നടയകം പുത്തരി തോട് എന്നീ തോടുകളുടെ അറ്റകുറ്റപ്പണികൾ

d) അകലാപ്പുഴയിൽ മെക്കാനിക്കൽ ഷട്ടർ.

2. **പയ്യോളി മുനിസിപ്പാലിറ്റി**

a) ചെത്തിൽ കൈപ്പാട് വി. സി. ബി. യിൽ ഷട്ടർ.

b) കോട്ടക്കൽ അഴിമുഖത്ത് പുലിമുട്ട് നിർമ്മാണം.

c) സെൻട്രൽ കനാൽ ശുചീകരണവും വരമ്പ് നിർമ്മാണവും.

d) നടക്കൽ ചീർപ്പ് ഭാഗത്ത് മഠത്തിൽ ചിറ വി. സി. ബി. യുടെ അറ്റകുറ്റപ്പണികൾ.

e) കക്കുഴിയിൽ താഴെ ചീർപ്പ് അറ്റകുറ്റപ്പണികൾ.

3. **കൊയിലാണ്ടി മുനിസിപ്പാലിറ്റി**

a) കൊളമ്പത്തുതാഴെ ബണ്ടിന് ഷട്ടർ നിർമ്മാണം.

b) കനാൽ സൈഡ് ഭിത്തി നിർമ്മാണം.

c) നരിക്കുനി മുതൽ നരിക്കുനി ഇല്ലാത്ത താഴെ കനാലിലെ സൈഡ് ഭിത്തി സംരക്ഷണം.

4. **ചെങ്ങോട്ടുകാവ് പഞ്ചായത്ത്**

a) തിരുവങ്ങൂർ ബ്രാഞ്ച് കനാൽ നവീകരണം.

b) ഉള്ളൂർ കടവ് മൈലാട്ടുംപാറ കൈപ്പാട് ബണ്ട് & വി. സി. ബി.

c) ചേമഞ്ചേരി റെയിൽവേ സ്റ്റേഷൻ മുതൽ പൂലർ ചെറിയനട വരെ, കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ അതിര് മുതൽ പൂലർ ചെറിയനട വരെ പുതിയ കനാൽ നിർമ്മാണം

d) സൈഡ് കനാലും ഇന്നർ കനാലും നിർമ്മാണം.

5. **ചേമഞ്ചേരി പഞ്ചായത്ത്**

a) കോട്ടക്കൽ താഴെ മുതൽ ചാത്തനാട് താഴെവരെ ബണ്ട് നിർമ്മാണം.

b) കീഴോത്ത് തയ്യിൽതാഴെ കൈപാടിന് ബണ്ട് നിർമ്മാണം.

c) ചാത്തനാട് വലിയകെട്ട് കൈപ്പാടിൽ അയ്യപ്പൻ കാവിൽ വി. സി. ബി & ചാത്തനാട് വി. സി. ബി.

d) ചാത്തനാട് ചെറിയ കെട്ട് കൈപ്പാടിൽ ഒറ്റ കണ്ടത്തിൽ വി. സി. ബി., പമ്പ് ഹൗസ്, മോട്ടോർ സ്ഥാപിക്കൽ

**സെക്ഷൻ ഓഫീസർ**